# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3418

19-10-2016 ൽ മറുപടിയ്ക്ക്.

## ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ജലവിഭവ വകുപ്പിന് കീഴിൽ നടത്തുന്ന പ്രവൃത്തികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.ടി.തോമസ് | | ശ്രീ.മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | തൃക്കാക്കര നിയോജക മണ്ഡലത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച് ജലവിഭവ വകുപ്പിന് കീഴിൽ നടന്നു വരുന്ന പ്രവൃത്തികളിൽ ഇതു വരെ പൂർത്തിയായതും ഇനി പൂർത്തിയാകാനുള്ളതുമായ പ്രവൃത്തികളുടെ വിശദവിവരം നൽകുമോ; | (എ), (ബി) & (സി) | 1. തൃക്കാക്കര നിയോജക മണ്ഡലത്തിൽ കടമക്കുടി പഞ്ചായത്തിൽ മൂലമ്പിള്ളിയിൽ 8-ാം വാർഡിന് കിഴക്ക് പെരിയാർ നദിയുടെ വലതു കര സംരക്ഷണം<br>2. കൊച്ചി കോർപ്പറേഷനിൽ (0 മുതൽ 2000 മീറ്റർ വരെ) കരിതോടിന്റെ പുനരുദ്ധാരണം റീച്ച് ഒന്ന്.<br>3. കൊച്ചി കോർപ്പറേഷനിൽ (2000 മീറ്റർ മുതൽ 3600 മീറ്റർ വരെ) കരിതോടിന്റെ പുനരുദ്ധാരണം റീച്ച് 2.<br>ഇതിൽ ഒന്നാം നമ്പർ പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 2, 3 എന്നിവയിലെ പ്രവൃത്തികൾക്ക് 01-08-16-ലെ പുതുക്കിയ കോസ്റ്റ് ഇൻഡക്സ് പ്രകാരം പ്രൈസ് സോഫ്റ്റ്വെയർ (PRICE) വഴി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) | പൂർത്തിയാകാത്ത പ്രവൃത്തികൾ ഓരോന്നും പൂർത്തീകരിക്കാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ; | | |
| (സി) | ഈ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ